**14-ാം കേരള നിയമ സഭ**

**7-ാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1916** **14.08.2017-ൽ മറുപടിയ്ക്ക്**

## എം.ബി.ബി.എസ്, ബി.ഡി.എസ് കോഴ്സുകൾക്കുള്ള അലോട്ട്മെന്റുകൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.അനിൽ അക്കര :** | **ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ (ആരോഗ്യവും, സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാന സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ എം.ബി.ബി.എസ്, ബി.ഡി.എസ് കോഴ്സുകൾക്ക് ഈ വർഷം എത്ര അലോട്ട്മെന്റുകളാണ് നടത്തുവാൻ നിശ്ചയിച്ചിട്ടുള്ളത്; | (എ) & (ബി) ഈ വർഷം രണ്ട് അലോട്ട്മെന്റുകളും സ്പോട്ട് അഡ്മിഷനും മുഖേന എല്ലാ അഡ്മിഷനും നടത്തുവാനാണ് പ്രവേശന പരീക്ഷാ കമ്മീഷണർ നിലവിൽ തീരുമാനിച്ചിട്ടുള്ളത്. |
| (ബി) അലോട്ട്മെന്റിന് ശേഷമുള്ള ഒഴിവുകളിലേക്ക് വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുന്നത് സർക്കാരാണോ അതോ സ്വാശ്രയ മനേജുമെന്റുകളാണോ ; വ്യക്തമാക്കാമോ ; | |
| (സി) സുപ്രീംകോടതി വിധി അനുസരിച്ച് അലോട്ട്മെന്റിന് ശേഷമുള്ള ഒഴിവുകളുടെ 10 ഇരട്ടി വിദ്യാർത്ഥികളുടെ പട്ടിക മാനേജുമെന്റുകൾക്ക് പ്രവേശന കമ്മീഷണർ കൈമാറേണ്ടതുണ്ടോ; | (സി) ഉണ്ട് |
| (ഡി) ഇത് സംബന്ധിച്ച് സർക്കാരും സ്വകാര്യ മാനേജുമെന്റുകളും തമ്മിൽ എന്തെങ്കിലും അഭിപ്രായവ്യത്യാസം ഉണ്ടായിട്ടുണ്ടോ; | (ഡി) ഇല്ല |

| | |
|---|---|
| (ഇ) സ്വാശ്രയ കോളേജുകളിലെ അഡ്മിഷന് രണ്ട് അലോട്ട്മെന്റുകൾ നടത്തി വിദ്യാർത്ഥികൾക്ക് പരമാവധി സീറ്റിൽ പ്രവേശനം നൽകാതെ മാനേജ്മെന്റുകൾക്ക് സഹായകമായ നിലപാട് എടുത്തത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കാമോ? | (ഇ) രണ്ട് അലോട്ട്മെന്റുകളും സ്പോട്ട് അഡ്മിഷനും മുഖേന വിദ്യാർത്ഥികൾക്ക് പരമാവധി സീറ്റിൽ പ്രവേശനം നൽകുന്നതിനാണ് നിലവിൽ പ്രവേശന പരീക്ഷാ കമ്മീഷണർ തീരുമാനിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ